## പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3836** **26.06.2012- ൽ മറുപടിക്ക്**

### കൈത്തറി മേഖലയിലെ പ്രതിസന്ധി

| ചോദ്യം | | ഉത്തരം |
|---|---|---|
| **ശ്രീ.കെ.കെ.നാരായണൻ** | | **ശ്രീ.പി.കെ കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി)** |
| (എ) ചായത്തിന്റെയും നൂലിന്റെയും വില വർദ്ധനവിന്റെ ഭാഗമായി കൈത്തറി മേഖലയിലുണ്ടായ പ്രതിസന്ധി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട് |
| (ബി) ഈ പ്രതിസന്ധി പരിഹരിക്കുന്നതിന് സർക്കാർ എന്തെങ്കിലും നടപടി സ്വീകരിക്കുമോ; | (ബി) & (സി) | ഈ പ്രതിസന്ധി പരിഹരിക്കുന്നതിനായി കഴിനൂലിനും ചായത്തിനും രാസവസ്തുക്കൾക്കും സബ്സിഡി അനുവദിച്ച് വരുന്നു. ചായത്തിനും രാസവസ്തുക്കൾക്കും വിലയുടെ 10% ഉം, കഴിനൂലുകൾക്ക് 39$^s$ വരെയുള്ള കൗണ്ടുകൾക്ക് കിലോയ്ക്ക് 25 രൂപയും 40$^s$ മുതൽ 80$^s$ വരെയുള്ള കൗണ്ടുകൾക്ക് കിലോക്ക് 30 രൂപയും അതിനു മുകളിലുള്ള കൗണ്ടുകൾക്ക് കിലോക്ക് 40 രൂപയും സംസ്ഥാന സർക്കാർ സബ്സിഡിയായി നൽകി വരുന്നു. അതിനു പുറമെ കേന്ദ്രഗവൺമെന്റിന്റെ പദ്ധതിയായ 10% പ്രൈസ് സബ്സിഡിയും ഈ വർഷം മുതൽ നടപ്പാക്കുന്നു. 7800 തറികൾക്കാണ് കേരളത്തിൽ ഇതിന്റെ ആനുകൂല്യം ലഭിക്കുന്നത്. |
| (സി) എങ്കിൽ ഇതിന്റെ വിശദാംശം വെളിപ്പെടുത്താമോ? | | |

**സെക്ഷൻ ഓഫീസർ**